# അളവില്ലാത്ത ദൈവകൃപ

ഫാ. ആന്റണി ഞള്ളമ്പുഴ CMI

## ഏലിയ സ്ലീവാ മൂശക്കാലം ഏഴാം ഞായര്‍, (മൂശ ഒന്നാം ഞായര്‍) മത്താ. 20:1–16

**I.** ജീവിതം മഹനീയമാക്കാന്‍ ''ദൈവം ചെയ്ത മഹനീയ കൃത്യങ്ങളെല്ലാം നിങ്ങള്‍ സ്വന്തം കണ്ണുകൊണ്ടുകണ്ടിട്ടുള്ളവയാണല്ലോ.''-നിയ.11:7ജീവിതം മഹനീയമാക്കാനുള്ള ഒരു നല്ല വഴി ദൈവം ജീവിതത്തില്‍ ചെയ്തുതന്ന മഹനീയകാര്യങ്ങളെല്ലാം ഓര്‍ക്കുക എന്നതാണ്. ദൈവം ജീവിതത്തില്‍ വര്‍ഷിച്ച മഹനീയകാര്യങ്ങള്‍ മറക്കുമ്പോള്‍ ഒരുവന്റെ ജീവിതത്തിന്റെ മഹനീയതയും മനോഹാരിതയും നഷ്ടമാകുന്നു. കുറവുകള്‍ എണ്ണി ജീവിതം വിലാപമാക്കാതെ മഹനീയതയെണ്ണി ജീവിതം മനോഹരവും മഹനീയവുമാക്കാന്‍ ഇന്നത്തെ ആദ്യവായന ഓര്‍മ്മപ്പെടുത്തുന്നു.

ഇസ്രായേല്‍മക്കള്‍ നന്ദിയോടെ ഓര്‍ക്കേണ്ട ഒമ്പതുകാര്യങ്ങള്‍ ഇന്നത്തെ ആദ്യവായനയിലുണ്ട്: 1. കര്‍ത്താവിന്റെ ശിക്ഷണനടപടികള്‍ 2. അവിടുത്തെ മഹത്ത്വം 3. അവിടുന്നു പ്രവര്‍ത്തിച്ച അടയാളങ്ങളും അദ്ഭുതങ്ങളും 4. ശത്രുസൈന്യങ്ങളോട് അവിടുന്നു പ്രവര്‍ത്തിച്ച വിധം. 5. ചെങ്കടലില്‍ ശത്രുക്കളെ മൂടിയത്. 6. ശത്രുസംഹാരം. 7. മരുഭൂമിയിലൂടെ വഴി നടത്തിയ ദൈവപരിപാലന. 8. തന്റെ പ്രിയപ്പെട്ടവര്‍ക്കുവേണ്ടി അവന്‍ ചെയ്തവ 9. ഭൂമി പിളര്‍ന്നു ശത്രുക്കളെ വിഴുങ്ങിയത്. തേനും പാലും ഒഴുകുന്ന ദേശത്തു ദീര്‍ഘകാലം വസിക്കാനും സ്വയം ശക്തരാകാനുമുള്ള വഴിയും പറഞ്ഞു കൊടുക്കുന്നു: ''കല്പനകള്‍ അനുസരിക്കുക''. കല്പനകള്‍ പാലിച്ചാല്‍ അശക്തനും ശക്തനാകാം. ജീവിതശക്തീകരണത്തിനുള്ള നല്ല വഴി ദൈവകല്പന കളുടെ പാലനമാണെന്നുസാരം.

**II.** അളവില്ലാത്ത ദൈവകൃപ ''ഇതാ നിങ്ങളുടെ ദൈവം... സമ്മാനം അവിടുത്തെ കൈയിലുണ്ട്; പ്രതിഫലവും അവിടുത്തെ മുന്‍പിലുണ്ട്'' (ഏശ.40:10). ''കര്‍ത്താവിന്റെ ആത്മാവിനെ നിയന്ത്രിക്കാന്‍ ആരുണ്ട്?'' (ഏശ. 40:13).''ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്'' (യോഹ. 3:24).''കുറ്റപ്പെടുത്താതെ എല്ലാവര്‍ക്കും ഉദാരമായി നല്‍കുന്നവനാണ് അവിടുന്ന്''(യാക്കോബ് 1:5).**III.** ക്രിസ്തീയതയുടെ പരിമളം! ''ഞങ്ങള്‍ ക്രിസ്തുവിന്റെ പരിമളമാണ് (2 കോറി 2:17)ക്രിസ്തീയതയുടെ പരിമളം പ്രസരിപ്പിക്കേണ്ടവരാണ് ക്രൈസ്തവര്‍. ക്രിസ്തീയത പരിമളമാണ്. ദുര്‍ഗന്ധമകറ്റുന്ന സുഗന്ധം. ക്രിസ്തീയപരിമളം

ക്രിസ്തീയകരുണയുടെ പരിമളമാണ്. ക്രിസ്തീയതയുടെ പരിമളം എങ്ങും പരത്താനുള്ള കടമ ക്രിസ്തുശിഷ്യർക്കുണ്ട്. റഷ്യൻ സാഹിത്യകാരനായ ദ്സ്തേയ്വ്സ്കിയുടെ 'കാരമസോവ് സഹോദരന്മാർ' (Brothers karamasove) എന്ന നോവലിലെ അലോഷി എന്ന കഥാപാത്രം പറയുന്നതു കേൾക്കുക: എല്ലാവർക്കും എല്ലാറ്റിനോടും ചില ഉത്തരവാദിത്വങ്ങളുണ്ട്. എനിക്ക് അത് ഇത്തിരി കൂടുതലുണ്ട്. കാരണം, ഞാനൊരു ക്രിസ്ത്യാനിയാണ്.''എനിക്കായി ഒരു വാതിൽ തുറക്കപ്പെട്ടു.''-2കോറി2:12.ദൈവകരുണയുടെ ഉദാരത പൗലോസ് കാണിച്ചുതരുന്നു. ദൈവം മതിലല്ല. ദൈവം വാതിലാണ്. വഴി അടയ്ക്കുന്നവനല്ല വഴി തുറക്കുന്നവനാണ്. ഒരു വാതിൽ അടയുമ്പോൾ പല വാതിൽ തുറന്നുതരുന്ന ദൈവം.

**IV.** കരുണയുടെ സുവിശേഷം ദൈവത്തിന്റെ വലിയ ഉദാരതയുടെ ഉദാഹരണമാണ് ഇന്നത്തെ സുവിശേഷകഥ. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഈ ഉപമ മത്തായിയുടെ സുവിശേഷത്തിൽ മാത്രമാണുള്ളത്. 'മുമ്പൻമാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമാകും' എന്ന വചനം ഈ ഉപമയുടെ 'ആമുഖ' മായും (19:30) ഒപ്പം 'ഉപസംഹാര'മായും (20:16) ചേർത്തിരിക്കുന്നതും ശ്രദ്ധേയമാണ്. ഈ ഉപമയുടെ ഉൾപ്പൊരുൾ ഈ വചനത്തിൽ കേന്ദ്രീകൃതമാണ്. ഇതു ദൈവത്തിന്റെ കരുണയുടെ കഥയാണ്. ഉദാരതയുടെ കഥയാണ്. ദൈവിക നീതിയുടെ കഥയാണ്. ഏതുനേരവും വാതിൽ തുറന്നു തരുന്നവന്റെ ഹൃദയവിശാലതയുടെ ഹൃദയസ്പർശിയായ കഥയാണ്.

**മണിക്കൂർ എണ്ണാത്ത ദൈവം!**'മൂന്നാംമണിക്കൂർ' 'ആറാംമണിക്കൂർ' 'ഒൻപതാംമണിക്കൂർ' 'പതിനൊന്നാം മണിക്കൂർ' എന്നിങ്ങനെ ജോലിക്കാർ ജോലിക്കായി വന്ന വ്യത്യസ്ത സമയങ്ങൾ ഈ ഉപമയിലുണ്ട്. എന്നാൽ, ഈ കഥയിലെ ഉദാരമതിയായ തോട്ടമുടമ മണിക്കൂർ എണ്ണിയല്ല വേതനം നൽകിയത്. എല്ലാ മണിക്കൂറുകളും അവന് 'തിരു'മണിക്കൂറുകളാണ്. എല്ലാ മണിക്കൂറുകളും ദൈവകരുണയുടെ മണിക്കൂറുകളാണ്. മണിക്കൂർ എണ്ണി കരുണ കാണിക്കുന്ന ദൈവമല്ല നമ്മുടെ ദൈവം. മറിച്ച് ഒരുവന്റെ തിരിച്ചുവരവിന്റെ ഏതുനേരവും (ഏതു മണിക്കൂറും) കരുണ കാണിക്കുന്നവനാണ്. ഏതു നേരവും വഴിക്കണ്ണുമായി കാത്തിരിക്കുന്ന ഒരു ദൈവം. മാനസാന്തരത്തിന്റെ ഏതു മണിക്കൂറും തിരുമണിക്കൂറായി കരുതുന്ന ദൈവം. അല്ലെങ്കിൽ ഒരു വിശുദ്ധ ആഗസ്തീനോസോ, നല്ല കള്ളനോ നമ്മുടെ ചിന്തകളിൽ കടന്നുവരില്ലായിരുന്നു!

**യേശുവിന്റെ കുറവുകൾ!** (The Defects of Jesus) ആർച്ചുബിഷപ് ഫ്രാൻസിസ് സേവ്യർ വാൻതുവാൻ വിയറ്റ്നാമീസ് ജയിലിൽ പതിന്നാലുവർഷം തടവിൽ കിടന്ന ഒരു മെത്രാനാണ്. ഇപ്പോൾ അദ്ദേഹം ദൈവദാസനുമാണ്. രണ്ടായിരാമാണ്ടിലെ റോമൻ കൂരിയായിലെ

നോമ്പുകാലധ്യാനം നടത്താൻ ജോൺപോൾ രണ്ടാമൻ പാപ്പാ ആവശ്യപ്പെട്ടത് ഇദ്ദേഹത്തോടാണ്. തന്റെ അയോഗ്യതകൾ ഏറ്റുപറഞ്ഞ് അദ്ദേഹം ധ്യാനം ഏറ്റെടുത്തു നടത്തി. ധ്യാനത്തിന്റെ ആദ്യദിനത്തിലെ ആദ്യസന്ദേശം അദ്ദേഹം നടത്തിയത് 'യേശുവിന്റെ കുറവും' എണ്ണിയെണ്ണി പറഞ്ഞുകൊണ്ടാണ്. യേശുവിന്റെ ഓരോ കുറവുകളും പറഞ്ഞതിനുശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞിരുന്നു: ''യേശുവേ, നിന്റെ ഈ കുറവിനെയോർത്തു ഞാൻ നിന്നെ കൂടുതലായി സ്നേഹിക്കുന്നു.'' എന്തായിരുന്നു യേശുവിന്റെ കുറവുകൾ? ഒന്നാമത്തെ കുറവ്, അവനു ചിലപ്പോൾ മറവി ബാധിച്ചിരുന്നു എന്നതാണ്. സുവിശേഷകഥയിലെ നല്ല കള്ളന്റെ കഥ പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു: ''യേശുവിന് ഒരു വലിയ കുറവുണ്ട്. അത് ഒരു പാപി അനുതപിച്ച് പാപം ഏറ്റുപറയുന്ന നിമിഷം അവൻ അവന്റെ പൂർവ്വകാലപാപമെല്ലാം മറന്നു കളയുന്നു എന്നതാണ്. അവനു വേറെയും ചില കുറവുകളുണ്ട്. അവനു കണക്ക് നല്ല നിശ്ചയമില്ല. നൂറ് ആടുള്ളവന്റെ ഒരാട് നഷ്ടമായപ്പോൾ തൊണ്ണൂറ്റൊമ്പതിനെ ഒരിടത്തു നിർത്തി നഷ്ടപ്പെട്ട ഒന്നിനെത്തേടി അവൻ യാത്ര തിരിക്കുന്നു. നമ്മുടെ സംഖ്യാശാസ്ത്രമനുസരിച്ച് (മാത്തമാറ്റിക്സ്) വലിയ സംഖ്യ തൊണ്ണൂറ്റിയൊമ്പതാണ്. ഒന്ന് നമുക്ക് ഒന്നുമല്ല. കർത്താവിന്റെ കണക്കനുസരിച്ച് ആ നഷ്ട പ്പെട്ടുപോയ ഒന്ന് തൊണ്ണൂറ്റിയൊമ്പതുപോലെയോ അതിലുപരിയോ അവനു വിലപ്പെട്ടതാണ്.'' ഈ ധ്യാനത്തിന്റെ സമാപന ദിവസം ജോൺപോൾ രണ്ടാമൻപാപ്പാ ധ്യാനഗുരുവിനെ അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു: ''എന്റെ ജീവിതത്തിൽ ഇത്രയും നല്ല ഒരു ധ്യാനം ഞാൻ വേറെ കൂടിയിട്ടില്ല. താങ്കൾ ഇത് ഒരു പുസ്തകമായി പ്രസിദ്ധീകരിക്കണം.'' 'പ്രത്യാശയുടെ സാക്ഷ്യം' (Testimony of Hope) എന്ന പേരിൽ ആ പുസ്തകം ഇന്നു ലഭ്യമാണ്. യേശുവിന്റെ മേല്പറഞ്ഞ കുറവുകളോടു ചേർത്തുവച്ച് പറയേണ്ടതാണെന്നു തോന്നുന്നു, യേശുവിന്റെ 'സമയബോധമില്ലായ്മയും', 'അവസാനം വന്നവർ തുടങ്ങി ആദ്യംവന്നവർക്കു'വരെ കൂലി കൊടുക്കുന്നതിലെ 'യുക്തിയില്ലായ്മയും' 'തലതിരിഞ്ഞ അവന്റെ മുൻഗണനാക്രമവും.' ഈ യുക്തിഹീനത കണ്ടിട്ട് ആദ്യം വന്നവർ പറഞ്ഞു: ''നീ ഞങ്ങളെ അവർക്കു തുല്യരാക്കി.'' ഈ തുല്യത ദൈവകരുണയുടെ അതുല്യതയാണ്. ദൈവനീതിയെയും കരുണയെയും അവന്റെ ഉദാരതയെയും ചോദ്യം ചെയ്യാൻ നാമാരാണ്? ''കർത്താവിന്റെ ആത്മാവിനെ നിയന്ത്രിക്കാൻ ആരുണ്ട്?'' (ഏശ. 40:13). മാനുഷികമായ അളവുകോലുകൾ നമുക്ക് ഉപേക്ഷിക്കാം. ദൈവത്തിന്റെ ഉദാരതയെ ധ്യാനിച്ച് മാനുഷികമായ അസൂയയെ അതിജീവിക്കാം.'യോനാമാനിയ'യെ മറികടക്കാം.

**'യോനാമാനിയ'** ദൈവത്തിന്റെ കരുണ ഇസ്രായേൽക്കാർക്കു മാത്രം എന്നു കരുതിയവനായിരുന്നു യോനാ. വിജാതീയർ ദൈവത്തിന്റെ കരുണ നുകരുന്നതു കാണാൻ ആഗ്രഹിക്കാത്ത ഒരു പ്രവാചകൻ! ആയതിനാൽ ദൈവം പറഞ്ഞ വഴിയേ പോകാതെ യോനാ

വളഞ്ഞ വഴിയേ പോയി. ദൈവനീതിക്കും കരുണയ്ക്കും അതിർവരമ്പുകൾ വരയ്ക്കുന്നവരുടെ രോഗമാണ് 'യോനാ മാനിയ'! യോനാ മാനിയയ്ക്കുള്ള മറുമരുന്നു തന്നുകൊണ്ടാണ് യോനാ പുസ്തകം അവസാനിപ്പിച്ചിരിക്കുന്നത്: 'ഇടം വലം തിരിച്ചറിയാൻ കഴിവില്ലാത്ത ഒരു ലക്ഷത്തിയിരുപതിനായിരത്തിൽപ്പരം ആളുകളും അസംഖ്യം മൃഗങ്ങളും വസിക്കുന്ന മഹാനഗരമായ നിനെവേയോട് എനിക്ക് അനുകമ്പ തോന്നരുതെന്നോ?'' (4:11).



# എന്തുമാത്രം പണിയെടുത്തു എന്നതല്ല എങ്ങനെ ചെയ്തുവെന്നതാണു പ്രധാനം

**മത്താ. 20: 1-16**

**ഫാ. ജോസഫ് ആലഞ്ചേരി**

**തു**ല്യതയും നീതിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചു കുട്ടികളെ പഠിപ്പിക്കുകയാണ്, ഒരധ്യാപകൻ. വെള്ളമുള്ള രണ്ടു ഗ്ലാസ് ഉദാഹരണമായി എടുക്കാം. ഒന്നാമത്തേതിൽ മുക്കാൽ ഗ്ലാസ് വെള്ളമുണ്ട്. രണ്ടാമത്തേതിൽ കാൽ ഗ്ലാസ് വെള്ളവും. രണ്ടുഗ്ലാസിലേക്കും ഒരുപോലെ ഉദാഹരണത്തിനു നാലു സ്പൂൺ വെള്ളമൊഴിക്കുന്നതാണു തുല്യത. എന്നാൽ ആദ്യ ത്തേതിലേക്കു കാൽഗ്ലാസും രണ്ടാമത്തേതിലേക്കു മുക്കാൽ ഗ്ലാസ് വെള്ളവുമൊഴിക്കുന്നതാണ് നീതി. നീതി യാഥാർത്ഥ്യമാകുമ്പോഴാണ് തുല്യതയുണ്ടാവുന്നത്. ആലംബ ഹീനരിലേക്കും ഇല്ലാത്തവരിലേക്കും കാരുണ്യപൂർവ്വം തിരിയാൻ സുവിശേഷത്തിലെ നീതി നമ്മെ പ്രേരിപ്പിക്കുന്നു. സാമാന്യലോകത്തിന്റെ നീതിബോധത്തിനുമപ്പുറമാണ് സുവിശേഷത്തിന്റെ നീതി. അതുകൊണ്ടാണ് മിശിഹാ പറഞ്ഞത്: ''നിങ്ങളുടെ നീതി ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിയെ അതിലംഘിക്കണമെന്ന്.''മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിൽ ആദ്യം വന്നവർക്ക് വീട്ടുടമസ്ഥൻ തങ്ങളോട് അനീതികാണിച്ചുവെന്ന ചിന്തയാണ് ഉണ്ടാകുന്നത്. മനുഷ്യസങ്കല്പത്തിലെ നീതിബോധത്തെ തകിടം മറിച്ചുകൊണ്ട് മിശിഹാ ലോകത്തിനു നീതിയുടെ പുതിയ മാർഗ്ഗം വെട്ടിത്തുറന്നു കൊടുക്കുന്നു. പിമ്പന്മാരായവരെ കൂടുതൽ ശ്രദ്ധിക്കണമെന്നും അവരെ കൈപിടിച്ചു മുമ്പന്മാർക്ക് ഒപ്പം എത്തിക്കണമെന്നും കർത്താവ് നമ്മോടു പറയുന്നു.ഞങ്ങൾ എല്ലാം ഉപേക്ഷിച്ചു നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കു എന്താണു ലഭിക്കുക? എന്ന പത്രോസിന്റെ ചോദ്യത്തിനു മറുപടിയായി കൂടിയാണു മിശിഹാ ഈ ഉപമ പറയുന്നത്. കർത്താവിനെ പിന്തുടരുന്നവർക്കു ഉപേക്ഷിക്കുന്നതിനേക്കാൾ

കൂടുതൽ അനുഗ്രഹം ലഭിക്കുമെന്ന് അവിടുന്നു വ്യക്തമായി പറയുന്നു. മൂന്നാംമണിക്കൂറിൽ വന്നവർ യഹൂദന്മാരാണ്. ബാക്കി എല്ലാവർക്കും പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ വേനതമാണു ലഭിച്ചത്.

'പിമ്പന്മാർ മുമ്പന്മാരാകും' എന്നു പറഞ്ഞാണു ധനികനായ യുവാവ് സ്വർഗ്ഗരാജ്യം ഉപേക്ഷിച്ചുപോയതിന്റെ വിശദീകരണം ഈശോ പൂർത്തിയാക്കുന്നത്. ഈ പ്രസ്താവന വയ്ക്കുന്നതാണ് തുടർന്നുവരുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ. ധനികനായ യുവാവ് സ്വർഗ്ഗരാജ്യം ഉപേക്ഷിച്ചുപോയത് ഈശോയുടെ ഹൃദയത്തെ വേദനിപ്പിച്ചിരുന്നു. ചെറുപ്പകാലം മുതൽ പ്രമാണങ്ങൾ അനുസരിച്ചുപോന്ന ആ യുവാവിനെ ഈശോയ്ക്ക് ഇഷ്ടമായിരുന്നു. അതുകൊണ്ടാണ് മർക്കോസ് സുവിശേഷകൻ 'യേശു അവനെ സ്നേഹപൂർവ്വം കടാക്ഷിച്ചു' (മർക്കോ10:21) എന്നു പറയുന്നത്. ഈശോയുടെ ക്ഷണം അയാൾ നിരാകരിച്ചുകളഞ്ഞു. 'എല്ലാം ഉപേക്ഷിച്ചിട്ടു കൂടെ വരൂ' എന്ന് ഈശോ യുവാവിനോടു പറഞ്ഞതിനോടു ചേർത്താണ് 'ഞങ്ങൾ എല്ലാം ഉപേക്ഷിച്ചു വന്നിരിക്കുന്നു', എന്താണു ലഭിക്കുക എന്നു പത്രോസ് ചോദിക്കുന്നത്. പത്രോസിന്റെ ചോദ്യത്തിനുള്ള ഉത്തരം കൂടിയായാണ് ഈശോ ഈ ഉപമ പറയുന്നത്. എന്നാൽ ഈ ഉപമയുടെ പ്രധാന പ്രമേയം ആദ്യമണിക്കൂറിൽ വന്ന ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലും അവസാന മണിക്കൂറിൽ ദൈവരാജ്യത്തെപ്പറ്റി അറിയുന്ന വിജാതീയനും തമ്മിലുള്ള താരതമ്യമാണ്. യഹൂദരുടെ നിത്യജീവിതത്തിൽ നിന്നെടുത്ത ഒരു സംഭവം തന്നെയാണ് അവിടുന്ന് ഉപമയായി പറഞ്ഞിട്ടുള്ളത്. എല്ലാ ഉപമകളും പറയുന്ന രീതിയിൽത്തന്നെ അവിടുന്നു തുടങ്ങുന്നു: സ്വർഗ്ഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിലേക്കു ജോലിക്കാരെ അന്വേഷിച്ചുപോയ വീട്ടുടമസ്ഥനു തുല്യം... വസന്തകാലത്തെ നിത്യസംഭവമായിരുന്നു ഇത്. ഇടമഴപെയ്ത് ചെടികൾ വല്ലാതെ വളർന്നാൽ പിന്നെ നന്നായി മുന്തിരി കായ്ക്കില്ല. അതിനാൽ അവയുടെ ശാഖകൾ വെട്ടി, പുല്ലും കളയുമൊക്കെ പറിച്ചു നിലം ഒരുക്കേണ്ടിയിരുന്നു. പല ദിവസങ്ങൾ നീണ്ടുനിൽക്കുന്ന പണിയായിരുന്നു ഇത്. എല്ലാവരും ഈ ജോലിയിൽ ആയിരുന്നതിനാൽ ആവശ്യത്തിനു ജോലിക്കാരെ കിട്ടിയിരുന്നില്ല. അതിനാലാണ് അതിരാവിലെ വീട്ടുടമസ്ഥൻ ജോലിക്കാരെ അന്വേഷിച്ചു പോകുന്നത്. പന്ത്രണ്ടു മണിക്കൂറാണ് ജോലി. മൂന്നാംമണിക്കൂറെന്നു യഹൂദർ പറയുന്ന രാവിലെ ആറുമണി മുതൽ പന്ത്രണ്ടാം മണിക്കൂറായ വൈകുന്നേരം ആറുമണിവരെയാണ് ജോലി. ജോലിയുടെ വേതനം നിസ്സാരമായിരുന്നില്ല. ഒരു ദനാറ അമ്പതു ഡോളറിനു തുല്യമാണെന്നു പറയപ്പെടുന്നു. നാലുപ്രാവശ്യം ജോലിക്കാരെ അന്വേഷിച്ചുപോയിട്ടും വീട്ടുടമസ്ഥന് ആവശ്യത്തിന് ആളെക്കിട്ടിയില്ല എന്നു വിശുദ്ധഗ്രന്ഥം പറയുമ്പോൾ 'വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ വിളഭൂമിയിലേക്കു വേലക്കാരെ

അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ' എന്ന ഈശോയുടെ വചനം നമ്മുടെ മനസ്സിലേക്ക് ഉയർന്നുവരുന്നു. സ്വർഗ്ഗരാജ്യമാണ് മുന്തിരിത്തോട്ടമെന്ന് അവിടുന്നു മുൻപേ പറഞ്ഞുകഴിഞ്ഞിരുന്നല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി തന്റെ സുവിശേഷം ഹൃദയപൂർവ്വം ഏറ്റുവാങ്ങാൻ തയ്യാറായി നിൽക്കുന്ന അനേകകോടി ജനങ്ങളെ കണ്ടാൽ ഈശോ ഈ ഉപമ പറഞ്ഞത് എന്നു നിശ്ചയമാണ്.'ന്യായമായ കൂലി നിങ്ങൾക്കു ഞാൻ തരാം'എന്നു പറഞ്ഞാണ് ജോലിക്കാരെ കൂലിക്കു ക്ഷണിക്കുന്നത്. അഞ്ചുമണിക്ക് ജോലിക്കു വന്നവനോട് അതുതന്നെയാണ് പറഞ്ഞത്. രാവിലെ ആറു മണിക്ക് വന്നവന്റെ ന്യായമായ കൂലി ഒരു ദനാറയാണ്. അതിലപ്പുറം അവർ പ്രതീക്ഷിച്ചിരുന്നില്ല എന്നതും വ്യക്തം. എന്നാൽ അവസാനം വന്നവർ മുതൽ കൂലി കൊടുത്തതും അവർക്ക് ഒരു ദനാറ കിട്ടുന്നതും കണ്ടതാണ് ആദ്യം വന്നവരുടെ പ്രതീക്ഷയെ മാറ്റി മറിച്ചത്. കൂടുതൽ കിട്ടുമെന്ന് പ്രതീക്ഷിച്ചിട്ട് അതു ലഭിക്കാതെ പോയപ്പോൾ അവസാനം വന്നവരോട് അവർക്ക് അസൂയയായി. ഇതിനു കാരണക്കാരൻ വീട്ടുടമസ്ഥനാണെന്നതിനാൽ അദ്ദേഹത്തിനെതിരേ അവർ പിറുപിറുത്തു. വ്യക്തമായ സന്ദേശം ലഭിക്കണം എന്ന ഉദ്ദേശ്യത്തോടെ മനഃപൂർവ്വമാണ് ഈശോ ഈ ഉപമയുടെ ക്ലൈമാക്സ് ഒരുക്കിയതെന്നു വ്യക്തം. 'ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാന്മാരെയല്ല, പാപികളെ അന്വേഷിച്ചാണ് ഞാൻ വന്നത്', ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്ന വചനങ്ങളെ സാധൂകരിക്കുന്നതാണ് ഈ ഉപമയുടെ സന്ദേശം.ധൂർത്തപുത്രന്റെ ജ്യേഷ്ഠൻ പിതാവിനെതിരേ പിറുപിറുക്കുന്നത് ഇതുപോലെതന്നെയാണ്. ധൂർത്തനായി ജീവിച്ച ഇളയസഹോദരന് പിതാവ് അനർഹമായത് നൽകുന്നു എന്നതായിരുന്നു അയാളുടെ ചിന്ത. ഞാൻ നല്ലവനായതുകൊണ്ട് നിങ്ങൾ എന്തിന് അസൂയപ്പെടുന്നു?'' എന്ന വീട്ടുടമസ്ഥന്റെ ചോദ്യവും കൂടെ ചേർത്തുവായിക്കുമ്പോൾ ദൈവത്തിന്റെ അനന്തകാരുണ്യവും നന്മയും എടുത്തുകാണിക്കുകയും എല്ലാ മനുഷ്യരെയും സ്നേഹപൂർവ്വം സ്വർഗ്ഗരാജ്യത്തിലേക്ക് ആനയിക്കാൻ ശിഷ്യന്മാരെ പ്രചോദിപ്പിക്കുകയും ചെയ്യുകയായിരുന്നു ഈ ഉപമയുടെ ലക്ഷ്യമെന്ന് ഊഹിക്കാം.

# കൂലി+അളവറ്റ കാരുണ്യം=ദൈവീകനീതി

റവ.ഡോ.ജോസഫ് തടത്തിൽ

തൊഴിലില്ലായ്മ അതിരൂക്ഷമായിരുന്ന കാലഘട്ടത്തിൽ പാലസ്തീനായിലെ ദിവസ വേതനക്കാരുടെ ജീവിതം അത്യന്തം പരിതാപകരമായിരുന്നു. ചില അവസരങ്ങളിൽ മാത്രമാണ് ഇവർക്കു ജോലി ലഭിച്ചിരുന്നത്. അതിനാൽ ഇവരുടെ കുടുംബാംഗങ്ങൾ മിക്കവാറും അർധപ്പട്ടിണിയിലോ മുഴുപ്പട്ടിണിയിലോ ആയിരുന്നു. അടിമകളും ദാസരും യജമാനന്മാരുടെ വീടുകളോടു ബന്ധപ്പെട്ടു ജോലി ചെയ്തിരുന്നതിനാൽ തൊഴിൽപ്രശ്നം ഉദിച്ചിരുന്നില്ലെന്നുമാത്രമല്ല വിശപ്പും പട്ടിണിയും ബാധിച്ചിരുന്നുമില്ല. ദിവസ വേതനക്കാരുടെ തൊഴിൽ ഇല്ലായ്മയ്ക്കും അനുബന്ധപ്രശ്നങ്ങൾക്കും താത്ക്കാലികമായാണെങ്കിലും പരിഹാരമാവുന്നത് മുന്തിരിയുടെ ഫലമെടുപ്പ് ആകുന്നതോടെയാണ്. സെപ്റ്റംബർ അവസാനത്തോടെ ആരംഭിക്കുന്ന ഫലമെടുപ്പു മഴക്കാലത്തിനുമുമ്പു പൂർത്തിയായില്ലെങ്കിൽ ഫലം നശിച്ചുപോകും. അത്തരമൊരു ദുരന്തം ഒഴിവാക്കാനായി ഓരോ ഉടമയും ഏതു കൂലിക്കാരനെയും ഒരു മണിക്കൂർ സമയത്തേക്കു ജോലി ചെയ്യാനാണെങ്കിൽ പോലും സ്വാഗതം ചെയ്യും. പാലസ്തീനായിൽ നിലവിലുണ്ടായിരുന്ന രീതിയനുസരിച്ചു തൊഴിലന്വേഷകരും തൊഴിൽ ദാതാക്കളും കണ്ടുമുട്ടുന്ന വേദികളാണ് ചന്തസ്ഥലങ്ങളും കവലകളും. തൊഴിൽദാതാക്കളെ പ്രതീക്ഷിച്ച് അവസാന മണിക്കൂർവരെ തൊഴിലന്വേഷകർ കാത്തുനില്ക്കും.ഒരു ദിവസത്തെ ജോലിക്ക് അന്നു നിലവിലുണ്ടായിരുന്ന കൂലി ഒരു ദനാറ അഥവാ 'ദ്രാക്മാ' ആയിരുന്നു. എന്നാൽ അതേകൂലി തന്നെ ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവർക്കും നൽകപ്പെട്ടത് ഇന്നത്തെ സുവിശേഷഭാഗത്തു ചർച്ചയാകുന്നു.

ഈശോയ്ക്കു മുന്തിരിത്തോട്ടമെന്നാൽ താൻ ഭൂമിയിൽ സ്ഥാപിച്ച സ്വർഗ്ഗരാജ്യമാണ്. ആ രാജ്യത്തെ നീതി മാനുഷികമല്ല. അതിനാൽ മറ്റൊരു രാജ്യത്തെ നീതിക്കും അതിനോടു കിടപിടിക്കാനാവില്ല. ജീവിതത്തിന്റെ സമസ്ത മേഖലകളും ഉൾക്കൊള്ളുന്നതാണത്. അതുകൊണ്ടുതന്നെയാണ് അവിടുന്ന് 'നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക'(മത്തായി 6:33) എന്ന് ആഹ്വാനം ചെയ്യുന്നത്. 'അതോടൊപ്പം മറ്റുള്ളവയെല്ലാം നമുക്കു ലഭിക്കു'മെന്നാണു വാഗ്ദാനം. ജോലിചെയ്ത സമയത്തിന്റെ കാര്യത്തിലുള്ള വലിയ വ്യത്യാസം പരിഗണിക്കുകപോലും ചെയ്യാതെ എല്ലാവർക്കും ഒരേ

വേതനം എന്ന കാഴ്ചപ്പാട് മനുഷ്യ ബുദ്ധിക്കു തികച്ചും അഗ്രാഹ്യമാണ്. ദൈവിക നീതിയും രീതിയും ഗ്രഹിക്കണമെങ്കിൽ.!! നിയമാനുസൃത നീതിയോടൊപ്പം ദൈവത്തിന്റെ കാരുണ്യം കൂടി ചേർത്തുവായിക്കണം. ഇവിടെ പ്രകടമാകുന്ന നിയമാനുസൃതനീതി അനുശാസിക്കുന്ന, കരാർ പ്രകാരം അഥവാ മണിക്കൂർ അനുസരിച്ചുള്ള ഒരു ദനാറ ആദ്യം വന്ന കൂലിക്കാർക്കു ലഭിച്ചെങ്കിലും അവർ അസംതൃപ്തരായി. അസംതൃപ്തിക്കു കാരണം ഏതെങ്കിലും തരത്തിലുള്ള അനീതിയല്ല. അവസാനം വന്നവരെ തങ്ങളോടു തുല്യരാക്കി എന്ന അവരുടെ ചിന്തയാണ്. യഥാർത്ഥത്തിൽ ഈ ചിന്തയ്ക്ക് അടിസ്ഥാനമില്ല. ആദ്യത്തെ കൂട്ടർക്കു ലഭിച്ചത് ഉടമ്പടി പ്രകാരമുള്ള നിയമാനുസൃത വേതനമാണ്. പിന്നീടു വന്നവർക്ക് ഉടമ്പടിയുടെ പിൻബലമില്ല; ന്യായമായത് നല്കാമെന്നല്ലാതെ, എന്തു നല്കുമെന്നു വീട്ടുടമസ്ഥൻ പറഞ്ഞിട്ടുമില്ല. സൂചിപ്പിച്ചതുപോലെ, നിയമാനുസൃത നീതിയോടു യജമാനന്റെ ഔദാര്യം കൂട്ടിച്ചേർക്കപ്പെടുമ്പോഴാണ് ആദ്യം വന്നവരുടെ കൂലിയായ ഒരു ദനാറയ്ക്കൊപ്പം പിന്നീടു വന്നവർക്കും ഒരു ദനാറ ലഭിക്കുവാനിടയായത്. ഔദാര്യത്തിനു കാരണങ്ങൾ രണ്ടാകാം: പല സ്ഥലങ്ങളിൽ പല സമയത്തു വീട്ടുടമസ്ഥൻ കണ്ടുമുട്ടിയ ഈ ജോലിക്കാരെല്ലാം അവസരം ലഭിച്ചിരുന്നുവെങ്കിൽ, മുഴുവൻ സമയവും ജോലി ചെയ്യുവാൻ താത്പര്യപ്പെട്ടിരുന്നു. കൂടാതെ, ഒരു കുടുംബത്തിന് ഒരു ദിവസത്തെ ഉപജീവനത്തിന് ഒരു ദനാറ തന്നെ മതിയാകാതിരിക്കെ അതിലും വളരെ കുറഞ്ഞ തുക പിന്നീടു വന്നവർക്കു നല്കിയാൽ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുക അസാധ്യമാകുമെന്നു കരുണാനിധിയായ വീട്ടുടമസ്ഥനറിയാമായിരുന്നു.

പുതിയ ദൈവജനമായ സഭയിൽ പ്രവേശിക്കുന്നതിന് ആരും ആർക്കും തടസ്സമാകരുത്; സഭ സാർവത്രികമാണ്; സഭയിൽ എല്ലാവരും തുല്യരാണ്. മിശിഹായുടെ തുടർച്ചയായി സഭയിൽ അംഗമാകുവാൻ മാനസാന്തരപ്പെട്ട് അവിടുന്നിൽ വിശ്വസിക്കണം. യഹൂദമതാചാരങ്ങൾ അനുവർത്തിച്ചേ വിജാതീയർ സഭയിൽ അംഗമാകാവൂ എന്നില്ല. മാനസാന്തരത്തിന്റെ നൈരന്തര്യം ക്രിസ്തു വിശ്വാസത്തിന് ആനുപേക്ഷണീയമാണെന്നുമാത്രം. ദൈവത്തെയും സഹ മനുഷ്യരെയും ശുശ്രൂഷിക്കാനാണ് ക്രിസ്തീയ വിളി; ഈ ശുശ്രൂഷയിലെ ആത്മാർത്ഥതയിലാണ് വിളിയുടെ സംതൃപ്തി; ആത്മാർത്ഥമായി ശുശ്രൂഷ ചെയ്യുമ്പോൾ യഥാർത്ഥ ക്രൈസ്തവൻ അവന്റെ വിളിയനുസരിച്ചു മുമ്പിലെത്തിക്കഴിഞ്ഞു. ശുശ്രൂഷയുടെ പരമ പ്രകടനമായ, ജീവൻ തന്നെ സമർപ്പിക്കുന്നതിനു തയ്യാറുള്ളവരുടെ, അതിനു വിളി സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭയാണ് പഴയ ദൈവജനത്തിന്റെ മുമ്പിലെത്തിയ പിമ്പന്മാർ. യഹൂദർക്കും ക്രൈസ്തവർക്കും ഒരുപോലെ താക്കീതാണ് ഈ സുവിശേഷഭാഗം. തിരഞ്ഞെടുക്കപ്പെട്ടവർ എന്ന അഹങ്കാരത്താൽ വിജാതിയരെ യഹൂദർ പുച്ഛത്തോടെ വീക്ഷിച്ചിരുന്നു. എന്നാൽ ദൈവത്തിന്റെ രാജ്യത്തിൽ പുച്ഛിക്കപ്പെട്ടവർ പലപ്പോഴും

പുച്ഛിച്ചവരുടെ മുമ്പിലായെന്നുവരാം. ദൈവത്തിന് എല്ലാവരും ഒരുപോലെ വിലപ്പെട്ടവരായതിനാൽ സഭയിലേക്കു കടന്നുവരുന്ന പുതുതലമുറയെയും പുതിയ വിശ്വാസികളെയും ക്രിസ്തുശിഷ്യർ സമഭാവനയോടെ സ്വീകരിക്കണം. സഭയിൽ ആദ്യം വന്നവർക്കു പ്രത്യേകം മേന്മയോ സ്ഥാനമോ ഇല്ല. അതുപോലെ, ഒരുവൻ ദൈവരാജ്യത്തിൽ എന്ന് അംഗമായാലും-ചെറുപ്പത്തിലോ ജീവിതമധ്യത്തിലോ വാർദ്ധക്യത്തിലോ-കരുതലും കാരുണ്യവുമുള്ള ദൈവത്തിന് അവൻ പ്രിയപ്പെട്ടവനാണ്. ജോലിയും ജീവിക്കാനാവശ്യമായ കൂലിയും അവനാവശ്യമാണെന്നറിയുന്ന ദൈവമാണു നമ്മുടെ കർത്താവ്. ദൈവകൃപയ്ക്കു നമുക്കർഹതയില്ല; അതു പ്രതിഫലമല്ല, ദൈവത്തിന്റെ നന്മയുടെ നിറവിൽനിന്നുള്ള ദാനമാണ്. ശുശ്രൂഷ ചെയ്യുന്നതിലെ ഉദ്ദേശ്യശുദ്ധി അഥവാ സ്നേഹമാണു ദൈവം നോക്കുന്നത്. അവിടുത്തെ മുമ്പിൽ ശുശ്രൂഷകർക്കു സ്ഥാന-വലിപ്പവ്യത്യാസങ്ങളില്ല. 'പഴയ ക്രിസ്ത്യാനി', 'പരമ്പരാഗത ക്രൈസ്തവർ' തുടങ്ങിയവ ക്രൈസ്തവജീവിതത്തിന്റെ എന്നതിനേക്കാൾ ദുരഭിമാനത്തിന്റെ അളവുകോലാകാം. 'വരത്തൻ, 'ഇരുത്തൻ' തുടങ്ങിയ വിഭാഗീയചിന്തകൾ ക്രൈസ്തവ ചൈതന്യം നഷ്ടമാകുന്ന സമൂഹത്തിന്റെ ലക്ഷണമാണ്. വിഭാഗീയതയും ദുരഭിമാനവും അന്യമായ വിശ്വാസികളാകാനാകട്ടെ നമ്മുടെ ശ്രമം; ദൈവത്തിന്റെ അളവറ്റ കാരുണ്യമായിരിക്കട്ടെ നമ്മെ നയിക്കുന്ന ചൈതന്യം.



# ഞങ്ങൾക്കെന്താണു ലഭിക്കുക?

ഫാ. ജോർജ് ദാനവേലിൽ

"ഇതാ ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് അങ്ങയെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കെന്താണു ലഭിക്കുക" (മത്താ. 19:27) എന്ന് പത്രോസ് ഈശോയോടു ചോദിക്കുന്നതിനുത്തരമായിട്ടാണ്, മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ (മത്താ.20:1-6) ഈശോ പഠിപ്പിക്കുക. ഇസ്രായേൽജനത്തിന്റെ ചിന്താഗതിയുടെ പ്രതിഫലനമാണ് പത്രോസിന്റെ ചോദ്യത്തിൽ നിഴലിക്കുക. ഇസ്രായേൽജനം തങ്ങൾക്ക് പ്രഥമസ്ഥാനവും പ്രത്യേകപരിഗണനയും ലഭിക്കാൻ അർഹതയുണ്ടെന്നു കരുതിയിരുന്നു. ഇതുപോലെ ഈശോയെ അനുഗമിക്കുന്നതിനു പ്രതിഫലമായി എന്തു ലഭിക്കും എന്നചിന്ത ശിഷ്യസമൂഹത്തിലുമുണ്ടായി. ഇതുമൂലമാണ് "നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രൻമാരിൽ ഒരുവൻ നിന്റെ വലതുവശത്തും അപരൻ ഇടതുവശത്തും ഇരി

ക്കുന്നതിനു കല്പിക്കണമേ" (മത്താ. 20:21) എന്ന് സെബദീപുത്രൻമാരുടെ മാതാവ് അപേക്ഷിച്ചത്. ദൈവത്തിന്റെ മുമ്പിൽ നമുക്ക് അവകാശവാദങ്ങൾ ഉന്നയിക്കാനാവില്ല എന്നു പ്രഖ്യാപിക്കുകയാണ് ഈശോ ഈഉപമയിലൂടെ. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ കാരുണ്യംമൂലം ലഭിച്ചിട്ടുള്ളതാണ്. അവിടുത്തെ ഔദാര്യത്തിന്റെയും കാരുണ്യത്തിന്റേയും അളവ് നാം പലപ്പോഴും മനസ്സിലാക്കുകയും ചെയ്യുന്നു. മാനുഷികമായ കണക്കുകൂട്ടലിന്റെ മാനദണ്ഡമല്ല, ദൈവത്തിന്റെ കണക്കു കൂട്ടലിനടിസ്ഥാനം. അതിനാലാണു പിമ്പൻമാർ മുമ്പൻമാരും മുമ്പൻമാർ പിമ്പൻമാരുമാകുമെന്ന് ഈശോ പഠിപ്പിച്ചത്.

ഈശോയുടെ കാലത്ത് പലസ്തീനായിലെ ജോലിസമയം രാവിലെ ആറുമണിമുതൽ വൈകുന്നേരം ആറുമണിവരെയായിരുന്നു. അതിനാൽ മൂന്നാം മണിക്കൂർ എന്നത് രാവിലെ ഒൻപതു മണിയും ആറാം മണിക്കൂർ എന്നത് ഉച്ചയ്ക്ക് പന്ത്രുമണിയുമാണ്. ഒൻപതാം മണിക്കൂർ എന്നത് വൈകുനേരം മൂന്നുമണിയും ആയിരുന്നു. പലസ്തീനായിൽ സെപ്തംബർമാസം മുന്തിരിപ്പഴങ്ങളുടെ കാലമാണ്. മഴക്കാലം തൊട്ടു പുറകെയെത്തും അതിനാൽ മഴതുടങ്ങും മുമ്പേ മുന്തിരിപ്പഴങ്ങൾ ശേഖരിക്കേണ്ടതിന്. ജോലിക്കാരെ എത്ര കുറഞ്ഞ സമയത്തേക്കായാലും വിളിച്ച് മുന്തിരിപ്പഴങ്ങൾ ശേഖരിക്കാൻ തോട്ടമുടമകൾ ഈ സമയത്ത് ശ്രദ്ധിച്ചിരുന്നു. തൊഴിൽരഹിതർ പലപ്പോഴും തൊഴിൽഅന്വേഷിച്ച് ചന്തസ്ഥത്ത് ഒരുമിച്ചുകൂടുന്ന പതിവുമുണ്ടായിരുന്നു. അവർ എത്രകുറഞ്ഞ വേതനത്തിനുപോലും ജോലിചെയ്യാൻ തയ്യാറുമായിരുന്നു. എല്ലാദിവസവും ജോലിലഭിച്ചില്ലായെങ്കിൽ ഇവരുടെ കുടുംബം പട്ടിണിയിലാകുമായിരുന്നു. ഈ തൊഴിൽ രഹിതരെ അന്വേഷിച്ചാണു തോട്ടമുടമകൾ ചന്തസ്ഥലത്ത് എത്തിച്ചേരുക. പലസ്തീനായിൽ മുന്തിരിപ്പഴങ്ങളുടെ വിളവെടുപ്പുകാലത്ത് അരങ്ങേറുന്ന ഈ സാധാരണസംഭവം വിശദീകരിച്ചുകൊണ്ട് ഈശോ ചില വലിയ സത്യങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കുകയാണ്.

ദൈവരാജ്യത്തിൽ ആദ്യംവിശ്വാസം സ്വീകരിച്ചവനെന്നോ അവസാനം വന്നവനെന്നോ ഉള്ള വ്യത്യാസമില്ല. എല്ലാവരും ദൈവത്തിന്റെ മക്കളാണ്. ദൈവരാജ്യത്തിൽ യഹൂദർക്കും വിജാതീയർക്കും തുല്യസ്ഥാനമാണുള്ളത്. പുതിയ ക്രിസ്ത്യാനികളെന്നും പഴയ ക്രിസ്ത്യാനികളെന്നുമുള്ള ചിന്തതന്നെ തെറ്റാണ്. കുടുംബ മഹിമയും ആഢ്യത്വവുമൊന്നും പറഞ്ഞു നടക്കുന്നതിൽ കാര്യമില്ല. ലഭിച്ചവിശ്വാസത്തിനനുസരിച്ച് എങ്ങനെ ജീവിക്കുന്നു എന്നതാണ് പ്രധാനം. എപ്പോൾ വിശ്വാസം സ്വീകരിച്ചു എന്നതല്ല പ്രധാനം. വിശ്വാസം സ്വീകരിച്ച നിമിഷം മുതൽ വിശ്വാസാധിഷ്ഠതമായ ജീവിതം നയിക്കാൻ സാധിക്കുന്നുണ്ടോ എന്നതാണ് പ്രധാനം.

ആദ്യം ജോലിക്കെത്തിയവരുടെ പരാതി തങ്ങൾ കൂടുതൽ അദ്ധ്വാനിച്ചു എന്നതല്ല, കൂടുതൽ അദ്ധ്വാനിച്ച തങ്ങളെ അവസാനം വന്നവരോടു തുല്യരാക്കി എന്നതാണ്. മനുഷ്യനെ പലപ്പോഴും അസ്വസ്ഥനാക്കുക. അവന്റെ സ്വാർത്ഥതയാണ്. തനിക്ക് ആവശ്യങ്ങൾ ഉള്ളതുപോലെ

മറ്റുള്ളവർക്കും ആവശ്യങ്ങൾ ഉണ്ടെന്നു ചിന്തിക്കുവാൻ ഇന്നു പലർക്കും കഴിയുന്നില്ല. തങ്ങളുടെ ദുഷ്ടമായ വീക്ഷണഗതി പലരെയും അസൂയാലുക്കളാക്കുന്നു. തങ്ങൾക്ക് യാതൊന്നും നഷ്ടമാകുന്നില്ലെങ്കിലും തങ്ങളുടെ സഹോദരർക്ക് പലതും ലഭിക്കുന്നതു കാണുമ്പോൾ അവർ ദുഃഖിതരാകുന്നു. ഉള്ളതെല്ലാം തനിക്കു മാത്രം വേണം, മറ്റുള്ളവർ ഒന്നും അനുഭവിക്കാൻ പാടില്ല. ഇതാണ് പലരുടെയും ആഗ്രഹം. ധൂർത്ത പുത്രന്റെ ഉപമയിലെ മൂത്തമകന്റെ മനോഭാവമാണിത്. സമ്പത്തിന്റെ കാര്യത്തിൽ മാത്രമല്ല, അധികാരത്തിന്റെ കാര്യത്തിലും ഈ സ്വാർത്ഥത പലരിലും തെളിഞ്ഞു കാണാം. സർവ്വ അധികാരങ്ങളും തങ്ങളിൽത്തന്നെ കേന്ദ്രീകരിക്കണമെന്ന ആഗ്രഹം മൂലം പലർക്കും മറ്റുള്ളവരെ മനുഷ്യരായി പരിഗണിക്കാൻ പോലും കഴിയുന്നില്ല.

ഈ ഉപമയ്ക്ക് സാമൂഹികമായ ഒരു മാനമുണ്ട്. 'ദൈവത്തിന്റെ കാരുണ്യം അനുദിനം അനുഭവിക്കുന്ന നാം മറ്റുള്ളവരോടു കാരുണ്യം കാണിക്കേണ്ടതുണ്ട്'. നമുക്കുവേണ്ടി ജോലി ചെയ്യുന്നവരോടു നീതിക്കുപരിയായി സ്നേഹത്തോടും കാരുണ്യത്തോടും കൂടി പെരുമാറേണ്ടതുണ്ട്. ജോലിയുടെ അളവും സമയവുമല്ല പ്രതിഫലത്തിന്റെ മാനദണ്ഡമായി ഉടമ സ്വീകരിച്ചത്. ഒരു കുടുംബത്തിന്റെ ഒരു ദിവസത്തെ ചെലവിനുവേണ്ട ഒരു ദനാറയാണ് എല്ലാ തൊഴിലാളികൾക്കും അദ്ദേഹം കൊടുത്തത്. മനുഷ്യബന്ധങ്ങളിൽ ഉണ്ടായിരിക്കേണ്ട കാരുണ്യ മനോഭാവത്തെയാണ് ഈശോ ഇവിടെ ചൂണ്ടിക്കാട്ടുക. ജോലിക്കനുസരിച്ചു മാത്രമല്ല, ജോലിക്കാരുടെ ആവശ്യം കണ്ടറിഞ്ഞ് കൂലികൊടുക്കാനുള്ള തോട്ടമുടമയുടെ ആ വിശാലമനസ്സാണ് ഏതു രംഗത്തും ഇന്ന് ഏറെ ആവശ്യമായിരിക്കുന്നത്.

ആരാധനക്രമത്തിലെ മൂശക്കാലത്തിലെ പ്രധാന ചിന്താവിഷയം താബോർമലയിലെ ഈശോയുടെ രൂപാന്തരീകരണമാണ്. ഏശയ്യാ പ്രവാചകൻ പഠിപ്പിച്ചതുപോലെ, "നമ്മുടെ ചിന്തകൾ പോലെയല്ല കർത്താവിന്റെ ചിന്തകൾ. നമ്മുടെ വഴികൾ അവിടുത്തെ വഴികൾ പോലെയുമല്ല. ആകാശം ഭൂമിയേക്കാൾ ഉയർന്നു നില്ക്കുന്നതുപോലെ അവിടുത്തെ വഴികളും ചിന്തകളും നമ്മുടേതിനേക്കാൾ ഉന്നതമാണ്" (ഏശ 55:8-9). ആ ഉന്നതമായ അവസ്ഥയിലേക്കുള്ള രൂപാന്തരീകരണമാണ് നമ്മിൽ നടക്കേണ്ടത്. അതിനു സ്വാർത്ഥപരമായ കണക്കുകൂട്ടലുകളും മാനുഷികമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള വിധി പ്രസ്താവനകളും നാം ഉപേക്ഷിക്കേണ്ടതുണ്ട്. അപ്പോൾ നമുക്കും മറ്റുള്ളവരുടെ നേട്ടത്തിലും വിജയത്തിലും സന്തോഷിക്കാൻ സാധിക്കും ആവശ്യങ്ങളറിഞ്ഞ് അവരെ സഹായിക്കാൻ സാധിക്കും സർവ്വോപരി താൻ വലിയവനാണെന്നോ - ഒന്നാമനാണെന്നോ - ഉള്ള അഹങ്കാരചിന്ത ഒഴിവാക്കാനും സാധിക്കും.

# സ്വർഗ്ഗത്തിലെ അമ്പരപ്പ്

റവ.ഫാ. പ്രാകാശ് മറ്റത്തിൽ

സ്വർഗ്ഗരാജ്യത്തിന്റെ സ്വഭാവം വിശദമാക്കുന്ന അനേകം ഉപമകൾ സുവിശേഷ ത്തിലുടനീളം കാണുന്നുണ്ട്. അതിൽ സ്വർഗ്ഗരാജ്യപ്രവേശനത്തെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിക്കുന്ന മുന്തിരിത്തോട്ടത്തിലെ വേതന വ്യവസ്ഥിതിയുടെ ഉപമയാണ്, മൂശക്കാലം ആദ്യഞായറാഴ്ച സഭ വിചിന്തനത്തിനായി നല്കിയിട്ടുള്ളത്. ദൈവരാജ്യം മനുഷ്യന്റെ അദ്ധ്വാനത്തിനു തുല്യമായി കിട്ടുന്ന പ്രതിഫലമല്ലെന്നും, ദൈവത്തിന്റെ മക്കളോടുള്ള അവിടുത്തെ അപാരമായ കാരുണ്യത്തിന്റെയും നന്മയുടെയും പ്രതിഫല മാണെന്നും ഈ ഉപമ വെളിവാക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, നാം സ്വർഗ്ഗരാജ്യത്തിലെത്തുമ്പോൾ നമ്മെ കാത്തിരിക്കുന്നത്, ശരിക്കും അമ്പരിപ്പിക്കുന്ന അവസ്ഥയായിരിക്കും എന്നു ചുരുക്കം. പ്രശസ്ത റേഡിയോ പ്രഭാഷകനായ ഫുൾട്ടൻ ജെ.ഷീൻ അദ്ദേഹത്തിന്റെ 'മൺപാത്രത്തിലെ നിധി എന്ന വിശ്വവിഖ്യാതമായ ഗ്രന്ഥത്തിൽ സ്വർഗ്ഗരാജ്യത്തിലുണ്ടാകുന്ന അമ്പരപ്പിനെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. സ്വർഗ്ഗരാജ്യത്തിൽ നാം ചെല്ലുമ്പോൾ മൂന്നുകാര്യങ്ങൾ കൊണ്ട് നാം അമ്പരക്കും. ഒന്നാമതായി, നാം പ്രതീക്ഷിക്കാത്ത പലരും സ്വർഗ്ഗത്തിൽ നില്ക്കുന്നു. രണ്ടാമതായി, നാം അമിത പ്രതീക്ഷ പുലർത്തിയ പലരെയും സ്വർഗ്ഗത്തിൽ കാണുന്നുമില്ല. മൂന്നാമതായി, ഏറ്റവും വലിയ അമ്പരപ്പു സമ്മാനിക്കുന്നത് ഞാൻ അതാ, സ്വർഗ്ഗത്തിൽ നില്ക്കുന്നു. സ്വർഗ്ഗത്തിലെ അവസ്ഥ ഒരുപക്ഷേ ഇതായിരിക്കാം. ശരിക്കും സുവിശേഷം പറയുന്നതുപോലെ "മുൻപന്മാർ പിൻപന്മാരും പിൻപന്മാർ മുൻപന്മാരുമാകുന്ന" അവസ്ഥ.

ഓരോ ക്രൈസ്തവന്റെയും ജീവിതം സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ജീവിതമാണ്. അവന് ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും വലിയ സൗഭാഗ്യമാണ് സ്വർഗ്ഗരാജ്യം. ഈ സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ രാപകലില്ലാതെ അദ്ധ്വാനിക്കാനുള്ള കടമയാണ് ഓരോ ക്രൈസ്തവനുമുള്ളത്. കടമ നിർവഹിക്കുമ്പോൾ, ജോലിയിൽ ലഭിക്കുന്ന വേതനത്തിന്റെ അളവിൽ ആർത്തി പൂണ്ടാൽ നഷ്ടപ്പെടുന്നത്, വലിയസമ്മാനമായ സ്വർഗ്ഗരാജ്യമായിരിക്കും എന്ന് ഈ ഉപമ വ്യക്തമാക്കുന്നു. നാം അദ്ധ്വാനിച്ചത് പാഴ്വേലയായിരുന്നു എന്ന് ചുരുക്കം. ഈ ഭൂമിയിൽ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന കടമ നാം ഭംഗിയായി ചെയ്യണം. നമ്മുടെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുമ്പോൾ ദൈവം നമ്മോടു കരുണകാണിക്കും, സ്വർഗ്ഗരാജ്യത്തിൽ

ദൈവികദൂതരോടൊത്ത് പരിശുദ്ധൻ എന്ന് പാടിപ്പുകഴ്ത്താൻ അവിടുന്ന് നമ്മെ യോഗ്യരാക്കും എന്ന വിശ്വാസത്തിലാണ് ക്രൈസ്തവ ജീവിതത്തിൽ നാം മുന്നോട്ടു പോകേണ്ടത് നമ്മുടെ കണക്കുകൂട്ടലുകൾ ദൈവത്തിന്റെ മാത്തമാറ്റിക്സിൽ വട്ടപൂജ്യമാവാം. അതുകൊണ്ട് അർഹമായതു ലഭിച്ചതിൽ എപ്പോഴും സന്തോഷിക്കുന്ന കൂലിക്കാരനാവണമെന്ന് ഈ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒപ്പം മറ്റുള്ളവരോട് ദൈവം കരുണ കാണിക്കുന്നതിൽ സന്തോഷിക്കാൻ എനിക്കാവണം. എന്നോടു കരുണ കാണിക്കുന്ന തമ്പുരാൻ എന്റെ സഹോദരനോടും കരുണ കാണിക്കുമ്പോൾ ഞാനെന്തിനാണ് അസൂയപ്പെടുന്നത്. ജോലി കഴിഞ്ഞ് വീട്ടിലെത്തുന്ന അപ്പൻ തന്റെ മക്കളെ അടുത്തുവിളിച്ച് തന്റെ സ്നേഹത്തിന്റെ പൊതിക്കെട്ടിൽനിന്ന് ഓരോ ആപ്പിൾ തന്റെ മൂന്നു മക്കൾക്കും തുല്യമായി കൊടുക്കുമ്പോൾ, ഞാൻ മൂത്തവനാണ് എനിക്ക് രണ്ടെണ്ണം കൂടുതൽ വേണമെന്ന് വാശിപിടിച്ച് കഴിക്കാതിരിക്കുന്ന മൂത്തമകന് നഷ്ടപ്പെടുന്നത് പിതാവിന്റെ സ്നേഹവും സാഹോദര്യത്തിന്റെ മാധുര്യവുമാണ്. അപരന്റെ നന്മയും സമൃദ്ധിയും നമ്മുടെ ഉറക്കം കെടുത്തുമ്പോൾ ഉപമയിലെ കൂലിക്കാർ നമ്മളിലൊരാളായി രൂപം പ്രാപിക്കുന്നു. ഇത്തരക്കാരെ നാം ഒരുപാട് കണ്ടിട്ടുണ്ട്. അല്ലെങ്കിൽ നാം തന്നെയും എത്രയോ വട്ടം ഇപ്രകാരമാകുന്നു. ഉപമയിലെ യജമാനൻ ദൈവമാണ്. അവന്റെ നന്മയുടെ ഭണ്ഡാകാരം അവൻ തന്റെ മക്കൾക്കുവേണ്ടി പങ്കുവച്ചതാണ് മനോഹരമായ ഈ പ്രപഞ്ചവും ഇതിന്റെ വൈവിധ്യങ്ങളും. ദൈവത്തിന്റെ നന്മയെയും സ്നേഹത്തെയും ഔദാര്യത്തെയും കരുണയെയും താരതമ്യം കൂടാതെ സ്വീകരിക്കു ന്നിടത്താണ് ദൈവരാജ്യം വളരുന്നത് എന്ന് ഈ ഉപമ ഓരോ ക്രൈസ്തവനെയും ഓർമ്മിപ്പിക്കുന്നു.